LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

10(2048) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള കെ.എസ്.ഇ.ബി. മസ്ദൂർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ആകെ എത്ര മസ്ദൂർ തസ്തികകളാണ് ജില്ലയിൽ ഉള്ളത് ; അതിൽ എത്ര എണ്ണത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 277 പേരെ നിയമിച്ചിട്ടുണ്ട്.

(ബി&സി) 490 മസ്ദൂർ തസ്തികകൾ മലപ്പുറം ജില്ലയിലുണ്ട്. 504 പേർ മസ്ദൂർമാരായി നിലവിൽ ജോലി ചെയ്യുന്നു. ആയതിനാൽ മലപ്പുറം ജില്ലയിൽ മസ്ദൂർ തസ്തികയിൽ ഒഴിവില്ല.

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

11(2049) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-9-2013-ന് നിലവിൽ വന്ന കെ.എസ്.ഇ.ബി. മസ്ദൂർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര പേർക്ക് നിയമനം നല്കി; എത്ര ഒഴിവുകൾ നിലവിലുണ്ട്; ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) 1-1-2013 -ന് ശേഷം ഓവർസിയർ ലൈൻമാൻ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു ; പ്രസ്തുത ഒഴിവുകളിൽ യഥാസമയം പ്രൊമോഷൻ നല്കി നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്രപേരെ അത്തരത്തിൽ നിയമിച്ചിട്ടുണ്ട് ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) യഥാസമയം പ്രൊമോഷൻ നൽകി നിലവിലുള്ള മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും പരാമവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) 1877 പേർക്ക് നിയമനം നൽകി. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	177
കൊല്ലം	17
ആലപ്പുഴ	20
പത്തനംതിട്ട	2
കോട്ടയം	55
ഇടുക്കി	30
എറണാകുളം	139
തൃശ്ശൂർ	379
പാലക്കാട്	287
മലപ്പുറം	277
കോഴിക്കോട്	222
വയനാട്	77
കണ്ണൂർ	119
കാസർഗോഡ്	78

ജില്ല തിരിച്ചുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

തൃശ്ശൂർ	11
പാലക്കാട്	1
കണ്ണൂർ	2
കാസർഗോഡ്	7

മറ്റ് ജില്ലകളിൽ ഒഴിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒരു തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ടി ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും ആയിരിക്കും. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് പുതിയ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ പഴയ റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(ബി) ഓവർസിയർ തസ്തികയിൽ നിലവിൽ ഒഴിവില്ല. ലൈൻമാൻ തസ്തികയിൽ നിലവിൽ 378 ഒഴിവുകളുണ്ട്. ലൈൻമാൻ തസ്തികയിൽ നിന്നും ഓവർസിയറായി 276 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. മസ്ദൂർ തസ്തികയിൽ നിന്നും ലൈൻമാനായി 426 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ ജില്ലാ അടിസ്ഥാനത്തിലല്ല, സംസ്ഥാനാടിസ്ഥാനത്തിലാണ് നടത്തുന്നത്.

(സി) ലൈൻമാൻ തസ്തികയിലേയ്ക്ക് പ്രൊമോഷനും മസ്ദൂർ തസ്തികയിൽ നിയമനവും യഥാസമയം നടത്തിവരുന്നുണ്ട്.

കെ.എസ്.ഇ.ബി. മസ്ദൂർ

12(2050) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-9-2013-ന് കെ.എസ്.ഇ.ബി. മസ്ദൂർ ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം ഇതുവരെ കൊല്ലം ജില്ലയിൽ എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവ് ഉണ്ടെന്നും, എത്ര ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ നിയമനം നടക്കുന്നതിന് ഏറെ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 17

(ബി) നിലവിൽ ഒഴിവില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly